സ്വയം കഴിവുകളെ തിരിച്ചറിഞ്ഞും അവസരങ്ങളെ കൃത്യമായി ഉപയോഗിച്ചും, സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തികമായ ഉയർച്ച കൈവരിക്കാൻ ഓരോ തൊഴിലാളികളും പ്രാപ്തരാവണം...... ഇനിയും സഞ്ചരിക്കാൻ ദൂരം ബാക്കിയുണ്ട്....മികവിന്റെ കഥകൾ രചിക്കാൻ താളുകളും.....




**തയ്യാറാക്കിയത്**
**എയ്ഞ്ചൽ മരിയ ഡൊമിനിക്ക്**

**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*



മേയ് 2021 ലക്കം 5

# ഉണർവ്വ്
## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

### *" തൊഴിലാളി ദിനവും സ്ത്രീ തൊഴിലാളികളും"*

ഒരു നാട് സാമ്പത്തികമായും സാസ്ക്കാരികമായും ഉന്നതിയിലെത്താൻ തൊഴിലാളികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മെയ് 1 ലോക തൊഴിലാളി ദിനം. ആരാണ് തൊഴിലാളികൾ ? സ്വന്തം ഉപജീവനത്തിനായി ശാരീരികമായും മാനസികമായും അദ്ധ്വാനിക്കുന്ന ഏതൊരാളും തൊഴിലാളിയാണ്. ഖനിതൊഴിലാളികൾ മുതൽ ആധുനിക ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്ന പ്രൊഫഷണലുകളെ വരെ തൊഴിലാളി എന്ന വാക്കിൽ ഉൾപ്പെടുത്താൻ സാധിക്കും. കായികമായ അധ്വാനത്തോടൊപ്പം മാനസികമായി ജോലി ചെയ്യുന്നവരെയും ഈ വിഭാഗത്തിൽ പരിഗണിക്കാം......

തൊഴിലിന്റെയും അധ്വാനത്തിന്റെയും പ്രാധാന്യം തിരിച്ചറിയുമ്പോഴും ലോകമെമ്പാടും വിവിധ മേഖലകളിൽ നിലനിൽക്കുന്ന ചില പ്രവണതകളും ചിന്താവിധേയമാക്കണം... എട്ട് മണിക്കൂർ ജോലി എന്നത് ലോകത്തെവിടെയും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും വിപരീതമായ ചില ജോലി നിബന്ധനകളും ചൂഷണങ്ങളും സർവ്വ വ്യാപകമാണ്. അതുപോലെ തന്നെ ആഗോളവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിര തൊഴിൽ അവസരങ്ങൾ നിഷേധിച്ച് ദിവസക്കൂലിക്കാരെയും കരാർ ജോലിക്കാരെയും സൃഷ്ടിക്കുവാൻ മുതലാളികൾ ശ്രമിക്കുന്നത് സ്ത്രീകളുടെ വരുമാനം ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളെ വെല്ലുവിളിയിലാക്കുന്നു.

സേവന വേതന വ്യവസ്ഥകളിൽ അടിക്കടി വരുത്തുന്ന മാറ്റങ്ങൾ നിശബ്ദരായി സഹിക്കേണ്ട സാഹചര്യം സാധാരണക്കാർക്കുണ്ടാകുന്നു. ചെറുകിട വ്യവസായങ്ങളെയും സ്വയം സംരംഭകരെയും തഴഞ്ഞ് വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ഒരു നാടിന് കൈമുതലായി നിലനിന്നിരുന്ന പരമ്പരാഗത ശൈലികളും കലാ നൈപുണ്യവും കാലയവനികക്കുള്ളിൽ മറഞ്ഞു കഴിഞ്ഞിരിക്കും.

മണ്ണിനെയും കടലിനെയും ആശ്രയിച്ച് ജീവിതം കെട്ടിപൊക്കിയ സാധാരണക്കാരായ ജനങ്ങൾ ചൂഷണങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാനാവാതെ പത്രങ്ങളിലെ ആത്മഹത്യ വാർത്തകൾ മാത്രമാകുന്നു. അന്നദാതാക്കൾ വെയിലും മഴയും തണുപ്പും സഹിച്ച് മരണത്തോടും പോരാടി നിലനിൽപ്പിനുവേണ്ടി സമരം ചെയ്യേണ്ട ഗതികേടിലായി. ഇവയെല്ലാം പറയുമ്പോഴും സ്ത്രീകളായതുകൊണ്ട് മാത്രം ചൂഷണത്തിന്റെ അളവുകൂടുന്ന ദയനീയമായ ഒരു സാഹചര്യവും ഈ ലോകത്തുണ്ട്. ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷന്മാർക്ക് രണ്ട് തരത്തിലുള്ള വേതനം നൽകുന്ന സംമ്പ്രദായത്തിൽ വേർതിരിവിന്റെ ഭീകരത ആരംഭിക്കുന്നു. ജോലി സമയമത്രയും നിന്നുകൊണ്ട് ജോലി ചെയ്യുന്നതും ശാരീരിക പ്രശ്നങ്ങളിൽ പോലും ആവശ്യമായ വിശ്രമം നിഷേധിക്കപ്പെടുന്നതും വസ്തുതകളായി തുടരുന്നു. ഇതൊടൊപ്പം ലൈംഗീക അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾ അനേകമാണ്. ഉപജീവനത്തിന് വേണ്ടി ജോലിചെയ്യാൻ എത്തുന്നവരെ മാനസികമായും ശാരീരികമായും ഉപദ്രവിക്കുന്നത് അവരുടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്.

പ്രസവകാല അവധിയിൽ പ്രവേശിക്കുന്നവരെ ജോലിയിൽ നിന്നും പുറത്താക്കുന്നതും വേതനം ക്രമാതീതമായി വെട്ടിക്കുറക്കുന്നതും ചൂഷണത്തിന്റെ പട്ടികയിലേക്ക് ചേർക്കപ്പെടേണ്ട മറ്റൊരു സാഹചര്യമാണ്. ദിവസജോലിക്കാരായ സ്ത്രീകൾക്ക് സമൂഹത്തിൽ നിന്നു മാത്രമല്ല സ്വന്തം കുടുംബത്തിൽ നിന്നും വെല്ലുവിളികൾ നേരിടേണ്ടതായി വരുന്നു. ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കുമ്പോഴും സാഹചര്യ സമ്മർദം മൂലം പലരും ജോലി ഉപേക്ഷിച്ച് നാല് ചുവരുകൾക്കുള്ളിലേക്ക് ചുരുങ്ങേണ്ടതായി വരുന്നു. കുടുംബ പശ്ചാത്തലവും ജോലി ചെയ്യുന്ന സാഹചര്യവും സൃഷ്ടിക്കുന്ന മാനസിക പിരിമുറുക്കം ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. ഇതിന് ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന ബാങ്ക് ഉദ്യോഗസ്ഥ. മാനസിക പിരിമുറുക്കം താങ്ങാൻ കഴിയാതെ ജോലി സ്ഥലത്ത് തന്നെ ജീവൻ അവസാനിപ്പിച്ചത് ഇതിന്റെ ഭീകരതയെ വരച്ചു കാട്ടുന്നു. സ്വയം സംരംഭകരായുള്ളവരും, കൃഷി ഉപജീവനമാക്കിയവരും മത്സ്യതൊഴിലാളികളും രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ പെടാപാട് പെടുകയാണ്. അധ്വാനത്തിന്റെയോ ചിലവഴിക്കുന്ന സമയത്തിനോ അനുപാതികമായി അർഹമായ വേദനമോ ജീവന സുരക്ഷയോ ഇവർക്കാർക്കും ലഭിക്കുന്നില്ല. പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കുന്ന സാധാരണക്കാർക്ക് നഷ്ടങ്ങളുടെ കഥകളാണ് അവശേഷിക്കുന്നത്.

ഇത്ര തീവ്രമായ സാഹചര്യങ്ങൾക്കൊപ്പം ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു വെല്ലുവിളിയാണ് സ്ത്രീസുരക്ഷ... ജോലി ചെയ്യുന്നത് ഏത് സാഹചര്യമായാലും ജീവന് വെല്ലുവിളിയാകുന്ന പ്രശ്നങ്ങളെ ദിവസേന നേരിടേണ്ട അവസ്ഥ നമ്മുടെ നാട്ടിലെ ഓരോ സ്ത്രീക്കുമുണ്ട്. സഞ്ചരിക്കുന്ന വഴികളിലെ അപകടങ്ങൾ പലരേയും അലട്ടുന്ന വസ്തുതയാണ്.

ലോകത്തിന്റെ ചില കോണിലെങ്കിലും സ്ത്രീകളുടെ ജീവിക്കാനും ജോലി ചെയ്യാനുമുള്ള അവകാശം തുലാസിൽ നിൽക്കുന്ന അപകടകരമായ വസ്തുതയുണ്ട്. മിതമായ ജീവിത സാഹചര്യങ്ങളിൽ കഴിയുമ്പോഴും വേദനയോടെ ജീവൻ നൽകി പോറ്റുമ്പോഴും പരാതിയോ, പരിഭവമോ ഇല്ലാതെ ചിരിക്കാനും തലോടാനുമുള്ള അമ്മയുടെ കഴിവിനെ വിലമതിക്കേണ്ടതാണ്. തന്റെ പങ്കു കൂടി മക്കൾക്കും ഭർത്താവിനുമായി മാറ്റിവച്ച് മുറുക്കിയുടുത്ത് വിശപ്പിനോടും പ്രകൃതിയോടും യുദ്ധം ചെയ്ത അമ്മമാർക്ക് ഇന്ന് സമൂഹത്തിന്റെ സാഹചര്യങ്ങളെ ഭയമാണ്.

ഇവയെല്ലാം ചർച്ച ചെയ്യുമ്പോഴും മികവിന്റെ ഒരു ഘടകമുണ്ട്. ഏതാണ്ട് അമ്പത് വർഷങ്ങൾക്ക് മുൻപ് വരെ ഭൂരി ഭാഗവും പുരുഷകേന്ദ്രീകൃതമായിരുന്ന രാജ്യത്തിന്റെ തൊഴിൽ രംഗം വിപ്ലവകരമായ ചില മാറ്റങ്ങൾക്ക് സാക്ഷിയായി. ചെറുകിട ജോലികൾ മുതൽ മൾട്ടിനാഷണൽ കമ്പനികളിലെ ഉയർന്ന പദവികളിൽ വരെയുള്ള സ്ത്രീ തൊഴിലാളികളുടെ ഗണ്യമായ വർദ്ധനവാണത്. സ്വയം കഴിവുകളെ തിരിച്ചറിഞ്ഞും അവസരങ്ങളെ കായികപരമായും ബൗദ്ധികപരമായും തങ്ങളുടെ മികവിനെ ലോകത്തിന് വെളിപ്പെടുത്തുവാൻ അവർക്ക് കഴിഞ്ഞു.